**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല – ഗുരുതരമായ സന്ധിരോഗം ബാധിച്ച (Systemic Juvenile Idiopathic Arthritis Syndrome) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ അറയിലകത്ത് വീട്ടിൽ ശ്രീ. എ.ഹാറൂണിന്റെ മകൻ ഷാഹിന് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ. 165/2020/റവ. തിരുവനന്തപുരം, തീയതി, 18.06.2020

---

**ഉത്തരവ്**

Systemic Juvenile Idiopathic Arthritis Syndrome (Chronic disease involves all joints in children) എന്ന അസുഖം ബാധിച്ച മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ അറയിലകത്ത് വീട്ടിൽ ശ്രീ എ.ഹാറൂണിന്റെ മകൻ ഷാഹിന് രണ്ട് വർഷത്തെ തുടർചികിത്സയ്ക്ക് വേണ്ടിയുള്ള ഇൻജക്ഷന്റെ (Tocilizumab 400 mg) വിലയായ **7,54,992/-** (**ഏഴ് ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം**) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **7,54,992/-** രൂപ (**ഏഴ് ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം**) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. എ.ജയതിലക്

പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

T. [signature]

സെക്ഷൻ ഓഫീസർ